# സംസ്ഥാനത്ത് നീര ടെക്നീഷ്യന്മാർക്കുള്ള പരിശീലനം തുടങ്ങി

## ലക്ഷ്യം ഒരു ലക്ഷം ടെക്നീഷ്യന്മാർ

പി.പി. ഷൈജു

**നെടുമ്പാശ്ശേരി:** സംസ്ഥാനത്ത് നീര ഉല്പാദനത്തിനായി നാളികേര വികസന ബോർഡ് ഒരു ലക്ഷം നീര ടെക്നീഷ്യന്മാർക്ക് പരിശീലനം നൽകും. 20 പേരടങ്ങുന്ന ആദ്യ ബാച്ചിനുള്ള പരിശീലനം നെടുമ്പാശ്ശേരിയിൽ തുടങ്ങി.കൊച്ചി രാജ്യാന്തര വിമാനത്താവളത്തിനു സമീപമുള്ള ചെത്തിക്കോട് ഗ്രാമത്തിലാണ് സംസ്ഥാനത്തെ ആദ്യ പരിശീലന ക്യാമ്പ് നടക്കുന്നത്. തൃശ്ശൂർ, ആലപ്പുഴ, കോഴിക്കോട്, കൊല്ലം ജില്ലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നവരാണ് പരിശീലനത്തിനായി എത്തിയിരിക്കുന്നത്.



നെടുമ്പാശ്ശേരിക്കടുത്ത് ചെത്തിക്കോട് നീര ടെക്നീഷ്യന്മാർക്ക് പരിശീലനം നൽകുന്നു

നാളികേര വികസന ബോർഡിന്റെ ആലുവയിലുള്ള ടെക്നോളജി ഡവലപ്മെന്റ് സെന്ററിന്റെ നേതൃത്വത്തിലാണ് പരിശീലനം. 14 ദിവസത്തെ പരിശീലനമാണ് നൽകുന്നത്.

നിത്യേന ഉച്ചവരെ നെടുമ്പാശ്ശേരി ചെത്തിക്കോട്ടുള്ള തെങ്ങിൻതോപ്പിൽ പ്രായോഗിക പരിശീലനം. ഉച്ചയ്ക്ക് ശേഷം ആലുവയിലെ ടെക്നോളജി ഡവലപ്മെന്റ് സെന്ററിൽ തിയറി ക്ലാസ്.

ആദ്യഘട്ടത്തിൽ പരമ്പരാഗത ചെത്തുതൊഴിലാളികൾക്കാണ് പരിശീലനം. ശാസ്ത്രീയമായി തെങ്ങ് ചെത്താൻ പരിശീലിപ്പിക്കുകയാണ് ചെയ്യുന്നത്.

ടെക്നീഷ്യന്മാർ തെങ്ങ് ചെത്ത് വൃത്തിയോടെ ചെയ്തില്ലെങ്കിൽ നീര ഉല്പാദനം സാധ്യമാകില്ല. അതിനാൽ വൃത്തിയോടുകൂടി തെങ്ങ് ചെത്താനുള്ള പരിശീലനമാണ് നൽകുന്നത്.

നാളികേര വികസന ബോർഡ് സംസ്ഥാനത്ത് 20 മാസ്റ്റർ ട്രെയ്നേഴ്സിനെ പരിശീലനം' നൽകി തിരഞ്ഞെടുത്തിരുന്നു. ഇവരെ ഉപയോഗപ്പെടുത്തിയാണ് നീര ടെക്നീഷ്യന്മാർക്ക് പരിശീലനം നൽകുന്നത്. നെടുമ്പാശ്ശേരിയിൽ 7 മാസ്റ്റർ ട്രെയ്നേഴ്സ് ആണ് പരിശീലനം നൽകുന്നതിനായി എത്തിയിരിക്കുന്നത്.തെങ്ങ് ചെത്തിന്റെ എല്ലാ വശങ്ങളും പഠിപ്പിക്കുന്നുണ്ട്. ചൊട്ടയിൽ അടിക്കുന്ന രീതിയും ഓല കെട്ടുന്നതുമെല്ലാം ശാസ്ത്രീയമായി തന്നെയാണ് പരിശീലിപ്പിക്കുന്നത്. മാട്ട (കുടം) ത്തിനു പകരം പ്ലാസ്റ്റിക് കന്നാസാണ് നീര ശേഖരിക്കുന്നതിനായി കുലയിൽ വെയ്ക്കുന്നത്. മൂന്നു നേരവും തെങ്ങ് ചെത്തണം. രാവിലെയും വൈകിട്ടും നീര എടുക്കാനാകും. ചൊട്ടയിൽ തേയ്ക്കുന്ന ചെളി സ്റ്റെറിലൈസ് ചെയ്താണ് ഉപയോഗിക്കുന്നത്. വൃത്തിയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ നീര പുളിച്ചുപോകുമെന്ന് അധികൃതർ പറഞ്ഞു.ആദ്യഘട്ടം 1400 നീര ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകും. രണ്ടാഴ്ച താമസിച്ചുള്ള പരിശീലനമാണ് നൽകുന്നത്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് 200 രൂപ ദിനബത്തയും നൽകും. നാളികേര വികസന ബോർഡിന്റെ കീഴിൽ കർഷക കൂട്ടായ്മകൾ ഉണ്ട്. കർഷക കൂട്ടായ്മകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവർക്കാണ് നീര ടെക്നീഷ്യന്മാരായി പരിശീലനം നൽകുന്നത്.

പരിശീലനം നേടിയവർ വഴി കർഷക കൂട്ടായ്മയിൽ ഉൾപ്പെട്ട മറ്റുള്ളവർക്കും പരിശീലനം നേടാനാകും. ആദ്യഘട്ടമായി ഓരോ ജില്ലയിൽ നിന്നും 100 പേർക്ക് വീതമാണ് ശാസ്ത്രീയ രീതി അവലംബിച്ച് നീര ചെത്തുന്നതിന് പരിശീലനം നൽകുന്നത്. ഇവരെ അതതു ഫെഡറേഷനുകളിൽ മാസ്റ്റർ ട്രെയ്നേഴ്സ് ആക്കും.

ബോർഡിന്റെ കീഴിൽ 177 ഫെഡറേഷൻ (കർഷക കൂട്ടായ്മ) ആണ് രൂപവത്കരിച്ചിരിക്കുന്നത്. ഓരോ ഫെഡറേഷനിലെയും കുറഞ്ഞത് 5 പേർക്ക് വീതം പരിശീലനം നൽകി ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ഒരു ലക്ഷം ടെക്നീഷ്യന്മാരെ സജ്ജരാക്കി നീരയുല്പാദനം വൻതോതിൽ നടത്താനാണ് ബോർഡ് ലക്ഷ്യമിടുന്നത്.

പൈലറ്റടിസ്ഥാനത്തിൽ കളമശ്ശേരി എസ്.സി.എം.എസ്. സ്ഥാപനം നീരയും നീരയുല്പന്നങ്ങളും വിപണിയിലിറക്കിയതോടനുബന്ധിച്ച് പരിശീലനാടിസ്ഥാനത്തിൽ 15 ചെത്ത് തൊഴിലാളികൾക്ക് തെങ്ങിൽ നിന്ന് നീര ചെത്തിയെടുക്കുന്നതു മുതൽ സംഭരണ കേന്ദ്രത്തിൽ എത്തിക്കുന്നതുവരെയുള്ള വിശദമായ പരിശീലനം നൽകിയിരുന്നു.സംസ്ഥാനത്തെ ആദ്യ ബാച്ചിനുള്ള പരിശീലന ക്യാമ്പ് നാളികേര വികസനബോർഡ് പ്രോസസ്സിങ് എൻജിനിയർ ശ്രീകുമാർ പൊതുവാൾ ആണ് ഉദ്ഘാടനം ചെയ്തത്. എറണാകുളം ജില്ലയിൽ മൂക്കന്നൂരിലും കുന്നുകരയിലും പ്രായോഗിക പരിശീലനം നടത്തുന്നതിനുള്ള തോട്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

ഇവിടെയും പരിശീലനം ഉടൻ ആരംഭിക്കും.